DESPATCHED 6/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.1931 (5)/2021/SIC**

**തീർപ്പ്കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 7877/SIC-G7/2021**

**സന്നിഹിത**

**ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ഉത്തരവ് തീയതി :. 30.12.2022**

**ശ്രീ.ടി.ആർ.ശശികുമാർ,**
**തത്വമസി, പട്ടോളി മാർക്കറ്റ് പി.ഒ,**
**പുതിയവിള, പിൻ – 690 531.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **ചീഫ് എഞ്ചിനീയർ (ജനറൽ) ഓഫീസ്,**
   **തിരുവിതാംകൂർ ദേവസ്വം ബോർഡ്, നന്തൻകോട്,**
   **തിരുവനന്തപുരം.**

2. **അപ്പീൽ അധികാരി,**
   **ചീഫ് എഞ്ചിനീയർ (ജനറൽ) ഓഫീസ്,**
   **തിരുവിതാംകൂർ ദേവസ്വം ബോർഡ്,**
   **തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 17.04.2021 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | NIL |
| ഒന്നാം അപ്പീൽ | 26.05.2021 |
| അപ്പീൽ അധികാരിയുടെ തീരുമാനം | Nil |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 21.07.2021 |
| ഹിയറിംഗ് തീയതി, | 20.12.2022 |
| എതിർകക്ഷി<br>അപ്പീൽവാദി | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, 2019 മേയ് 1 മുതൽ 2019 മേയ് 31 വരെയുള്ള ഔട്ട്വേഡ് രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കുക, തൃക്കാക്കര ആറ്റിട്ടേറിയത്തിൽ ശ്രീ.ജി.കൃഷ്ണകുമാർ കോട്ടയം എക്സി.എഞ്ചിനീയർ ആയിരുന്ന സമയത്തു ചെയ്തിട്ടുള്ള മരാമത്തു പണികളുടെ പേര്, ചെയ്ത കോൺട്രാക്ടറുടെ അഡ്രസ്സ്, എസ്റ്റിമേറ്റ് കോപ്പി, പാസ്സാക്കി നൽകിയ തുക എത്ര എന്നതുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും

രണ്ടും എതിർകക്ഷികൾ മറുപടി ലഭ്യമാക്കിയില്ലെന്ന് ആരോപിച്ചുകൊണ്ടാണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചത്. പ്രസ്തുത അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ മുമ്പാകെ നടന്ന നേർവിചാരണയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഹാജരായിരുന്നില്ല. അപ്പീൽ ഹർജിക്കാരൻ ഹാജരായിരുന്നു.

2. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ 4 ചോദ്യങ്ങളിലെ വിവരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും യാതൊരു മറുപടിയും ലഭ്യമാകാത്തതിനാൽ 26.05.2021 ന് അപ്പീൽ സമർപ്പിച്ചുവെന്നും അതിനും യാതൊരുവിധ മറുപടിയും ലഭ്യമായില്ലെന്നും ആയതിനാൽ പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കണമെന്നും അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി.

3. അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയിന്മേൽ മറുപടി നൽകുന്നതിന് തയ്യാറെടുപ്പുകൾ നടത്തിയിരുന്നുവെങ്കിലും സമയബന്ധിതമായി മറുപടി നൽകുവാൻ സാധിച്ചില്ലെന്നും കോവിഡ് കാലഘട്ടമായതിനാലാണ് മറുപടി നൽകുവാൻ സാധിക്കാത്തതെന്നും കമ്മീഷനിൽ നിന്നും 04.02.2022 ൽ നോട്ടീസ് ലഭിച്ചപ്പോൾ മാത്രമാണ് ടി കാര്യം ശ്രദ്ധയിൽപ്പെട്ടതെന്നും ടി വ്യക്തി ആവശ്യപ്പെട്ട വിവരങ്ങളിൽ ചിലത് മറ്റൊരു ഓഫീസിൽ നിന്നും ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നുമാണ് അപ്പീൽ അധികാരി 18.02.2022 തീയതിയിലെ റിപ്പോർട്ട് മുഖാന്തിരം കമ്മീഷനെ അറിയിച്ചത്.

4. അപ്പീൽ ഹർജിയും, അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചു. അപ്പീൽഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീലിനും എതിർകക്ഷികൾ മറുപടി ലഭ്യമാക്കിയതായി കാണുന്നില്ല. ടിയാന്റെ 1,4 ചോദ്യങ്ങൾക്കുള്ള മറുപടി ലഭ്യമാക്കിയെന്നും മറ്റ് വിവരങ്ങൾ നൽകുന്നതിനായി കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയെന്ന് 02.03.2022 ലെ കത്ത് മുഖാന്തിരം അപ്പീൽ അധികാരി കമ്മീഷനെ അറിയിച്ചിരുന്നുവെങ്കിലും അത് തെളിയിക്കുന്ന യാതൊരുവിധ

രേഖകളും പ്രസ്തുത മറുപടിയുടെ പകർപ്പും എതിർകക്ഷികൾ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടില്ല. വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയ്ക്ക് സമയബന്ധിതമായി വിവരം ലഭ്യമാക്കാതിരിക്കുന്നത് എസ്.പി.ഐ.ഒ.യുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി പ്രഥമദൃഷ്ട്യാ കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഇപ്രകാരം വീഴ്ചവരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശനിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

5. വിവരാവകാശ അപേക്ഷയിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിനായി കമ്മീഷൻ ഹിയറിംഗ് പോസ്റ്റ് ചെയ്തതനുസരിച്ച് 02.12.2022 തീയതിയായി കമ്മീഷനിൽ നിന്നും അയച്ച ഹിയറിംഗ് നോട്ടീസിൽ ഹിയറിംഗിന് ഹാജരാകേണ്ടതാണെന്നും പ്രസ്തുത പരാതിയുമായി ബന്ധപ്പെട്ട സംക്ഷിപ്ത റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്നും എതിർകക്ഷിയെ അറിയിച്ചിരുന്നുവെങ്കിലും പ്രസ്തുത ഹിയറിംഗിന് ഹാജരാവുകയോ റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. കമ്മീഷൻ മുമ്പാകെ നടന്ന ഹിയറിംഗിൽ ഹാജരാകാതിരുന്നത് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിലവിലെ എസ്.പി.ഐ.ഒ. യുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി കമ്മീഷൻ നിരീക്ഷിക്കുന്നു. കമ്മീഷൻ മുമ്പാകെ നടന്ന ഹിയറിംഗിൽ പങ്കെടുക്കാതിരുന്നതിന്റെ കാര്യകാരണ സഹിതമുള്ള വിശദീകരണം ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്. മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്നും വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ കൂടുതൽ ജാഗ്രത പുലർത്തേണ്ട താണെന്നും എസ്.പി.ഐ.ഒ.യ്ക്ക് കർശന താക്കീത് നൽകുന്നു.

6. വിവരാവകാശ അപേക്ഷയിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരൻ 26.05.2021 തീയതിയായി അപ്പീൽഅധികാരി മുമ്പാകെ അപ്പീൽ സമർപ്പിച്ചുവെങ്കിലും പ്രസ്തുത അപ്പീൽ തീർപ്പാക്കിയതായി കമ്മീഷൻ കാണുന്നില്ല. ആയത് അപ്പീൽ അധികാരിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കമ്മീഷൻ നിരീക്ഷിക്കുന്നു. വിവരാവകാശ നിയമപ്രകാരമുള്ള അപ്പീൽ സമയബന്ധിതമായി തീർപ്പാക്കാത്തതിനുള്ള കാര്യകാരണ സഹിതമുള്ള വിശദീകരണം ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം രേഖാമൂലം അപ്പീൽ അധികാരി കമ്മീഷനെ അറിയിക്കേണ്ടതാണ്.

7. വസ്തുതകൾ മൊത്തത്തിൽ വിലയിരുത്തുമ്പോൾ 17.04.2021 തീയതിയായി ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാന് ലഭ്യമായതായി കാണുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ വിവരാവകാശ അപേക്ഷയിന്മേൽ ആവശ്യപ്പെട്ടിരുന്ന രേഖകൾ ഹർജിക്കാരന് സൗജന്യമായി ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം 2022 ഡിസംബർ മാസം 30–ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Jn